## ശാന്താ: സമദൃശ: ശുദ്ധാ: സർവ്വഭൂതാനുരഞ്ജനാ:
## യാന്ത്യഞ്ജസാച്യുതപദമച്യുതപ്രിയ ബാന്ധവാ: (4-12-37)

മൈത്രേയൻ തുടർന്നു:
ധ്രുവൻെറ കോപം അടങ്ങിയതറിഞ്ഞ് കുബേരൻ സംതൃപ്തനായി. അദ്ദേഹം ധ്രുവനെ ചെന്നുകണ്ട് അനുഗ്രഹിച്ചു. എന്നിട്ടിങ്ങനെ സമാധാനിപ്പിച്ചു. "വാസ്തവത്തിൽ യക്ഷന്മാർ നിൻെറ അനുജനെ കൊല്ലുകയോ, നീ അവരോട് പകവീട്ടി കൊലചെയ്യുകയോ ഉണ്ടായിട്ടില്ലതന്നെ. കാലമാണ് എല്ലാത്തിനും അറുതിവരുത്തുന്നത്. ആർക്കും കാലനെ അവഗണിക്കാൻ സാദ്ധ്യമല്ല. സാഹചര്യം ഒരുകാരണം മാത്രം. ജനനവും മരണവും സ്വപ്നദൃശ്യങ്ങൾപോലെ നശ്വരമത്രേ. ഞാൻ, എൻെറ, എന്ന ചിന്തയോടെ ശരീരാസ്കതി പൂണ്ടിരിക്കുന്നതു കൊണ്ടാണ് ലൌകീകബന്ധനവും തൽസംബന്ധിയായ ദു:ഖങ്ങളും അനുഭവിക്കാനിടയാവുന്നത്. ഇതെല്ലാം മനസ്സിൽനിന്നുകളഞ്ഞ് ഭഗവാനെ ധ്യാനിച്ച് ഹൃദയത്തിൽ ഭക്തി നിറയ്ക്കൂ. നിനക്ക് ഇഷ്ടമുള്ള ഏതുവരം വേണമെങ്കിലും ചോദിക്കാം."

ധ്രുവൻ വിനയത്തോടെ പറഞ്ഞു: "എന്നും എൻെറ ഹൃദയം നിറയെ വാസുദേവനോടുള്ള ഭക്തിയുണ്ടാവാൻ അനുഗ്രഹിച്ചാലും." കുബേരൻ ധ്രുവനെ അനുഗ്രഹിച്ചു. ഭഗവാനിൽ ഹൃദയമുറപ്പിച്ചുകൊണ്ട് ഏറെക്കാലം ധ്രുവൻ രാജ്യം ഭരിച്ചു. അഹങ്കാരലേശമില്ലാതെ മുൻജന്മങ്ങളിലാർജ്ജിച്ച കർമ്മഫലങ്ങൾ ആസ്വദിച്ചും അനുഭവിച്ചും ധ്രുവൻ കഴിഞ്ഞുപോന്നു. കാലക്രമത്തിൽ പുത്രനായ ഉത്കലനെ രാജ്യഭാരമേൽപ്പിച്ച് വിഷാല എന്ന സ്ഥലത്ത് ഭഗവൽച്ചിന്തമാത്രമായി കഴിഞ്ഞുകൂടി. അവിടെ ധ്രുവൻ ധ്യാനയോഗാഭ്യാസങ്ങളിലേർപ്പെട്ടു. ആസനത്തിലാരൂഢനായി പ്രാണായാമവും പ്രത്യാഹാരവും (ഇന്ദ്രിയനിഗ്രഹം) ദിനേന ചെയ്തുപോന്നു. പിന്നീട് ഭഗവാൻെറ സ്ഥൂലരൂപത്തെ ധ്യാനിച്ച് ധ്യാനിയും ധ്യാനവസ്തുവും തമ്മിലുള്ള അന്തരമില്ലാതായതുവരെ . കാഗ്രതയിലിരുന്ന് സമാധി പ്രാപിച്ചു. ആ സമയം ഒരു ആകാശവാഹനം അവിടേയ്ക്കുവരുന്നതായി ധ്രുവന് അനുഭവപ്പെട്ടു. അതിൽനിന്നും രണ്ടു ദേവന്മാർ ഇറങ്ങി വന്നു. അവർ പറഞ്ഞു: "ഞങ്ങൾ ഭഗവാൻ വാസുദേവൻെറ പാർഷദന്മാരാണ്. വാസുദേവനെ ധ്യാനിച്ച് അവിടുത്തെ അനുഗ്രഹമാർജ്ജിച്ച ആളാണല്ലൊ അങ്. ഈ വാഹനത്തിലേറിയാലും. അങ്ങയെ ഈ അണ്ഡകഠാഹത്തിൻെറ ധ്രുവത്തിൽ എത്തിക്കാനാണ് ഞങ്ങൾ വന്നിരിക്കുന്നത്. അവിടെ ലോകങ്ങളുടെ മുഴുവൻ ആരാധനയ്ക്കു പാത്രമായി വസിച്ചാലും. വിശ്വം മുഴുവൻ അങ്ങയെ ഭ്രമണം ചെയ്തു നിലനിൽക്കുതാണ്." ആകാശവാഹനത്തിലേറുമ്പോൾ തൻെറ അമ്മയെപ്പറ്റി ധ്രുവൻ ഓർമ്മിച്ചു. വാസുദേവപാർഷദന്മാർ, സുനീതി മറ്റൊരുവാഹനത്തിൽ തനിക്കുമുൻപേ യാത്രയായ വിവരം ധ്രുവനെ അറിയിച്ചു. അവർ കാലൻെറ തലയ്ക്കുമുകളിൽ കാലുവെച്ച് ശൂന്യാകാശത്തിലേക്ക് കുതിച്ചു. നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കുമപ്പുറത്ത് വിഷ്ണുസവിധത്തിൽ ധ്രുവൻ എത്തിച്ചേർന്നു. കരുണയോടെ സകല ജീവജാലങ്ങളേയും സമദൃഷ്ടിയോടെ വീക്ഷിക്കാത്തവർക്ക് വിഷ്ണുസവിധമണയുക അസാദ്ധ്യമത്രെ. മറ്റുള്ളവർക്ക് എപ്പോഴും നന്മചെയ്യുന്നവർക്ക് അതു സാദ്ധ്യവുമാണ്. പ്രശാന്തതയോടെ, സമദൃഷ്ടിയോടെ, ഹൃദയശുദ്ധിയോടെ സകലജീവികളുടേയും നന്മയ്ക്കായി പ്രവർത്തിക്കുകയും ഭഗവൽഭക്തരെ സുഹൃത്തുക്കളാക്കുകയും ചെയ്യുന്നവർ ആ പരമപദമണയുന്നു.

നാരദൻ ധ്രുവൻെറ മഹിമയെ വർണ്ണിച്ചു. ഏതൊരുവനും ധ്രുവചരിതം കേൾക്കുകയോ പറയുകയോ ചെയ്യുന്നപക്ഷം സർവ്വവിധ ഐശ്വര്യങ്ങളും, ധനസമ്പത്തുക്കളും, ദീർഘായുസ്സും, സ്ഥാനമാനാദികളും ലഭിക്കുന്നതാണ്. അതിനെല്ലാമുപരി ഇഹലോകദു:ഖനിവാരണകാരിയായ ഭഗവൽഭക്തി അവരുടെ ഹൃദയത്തിൽ നിറയുകയും ചെയ്യുന്നു.

ധ്രുവനക്ഷത്രം ഇന്നും നിലനിൽക്കുന്നു.